എറണാകുളം ജില്ലാകളക്ടറുടെ നടപടിക്രമം
(ഹാജർ : ശ്രീ. ജാഫർ മലിക് ഐ.എ.എസ്)

സി. 12-201/2021 തീയതി: 18 .11.2021

---

വിഷയം: കൊച്ചി മെട്രോ റെയിൽ പ്രൊജക്ട് - പേട്ട -തൃപ്പൂണിത്തുറ റോഡ് വികസനം-0.18 ആർ അധിക ഭൂമി ഏറ്റെടുക്കൽ- വിദഗ്ധ സമിതി റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം: വിദഗ്ദ്ധ സമിതിയുടെ 05/11/2021 തീയ്യതിയിലെ ശുപാർശ.

കൊച്ചി മെട്രോയുടെ മുന്നൊരുക്കമായി ഭാഗമായി പേട്ട -തൃപ്പൂണിത്തുറ റോഡ് വികസനത്തിനു വേണ്ടി കണയന്നൂർ താലൂക്ക് നടമ വില്ലേജ് , ബ്ളോക് 213, റീസർവെ 41 ൽ നിന്നും 0.18 ആർ അധിക ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിരുന്ന SIA യൂണിറ്റായ, രാജഗിരി ഔട്ട് റീച്ച് , രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് സമർപ്പിച്ച റിപ്പോർട്ട്, 18.10.2021 ന് ചേർന്ന വിദഗ്ധ സമിതി പരിശോധിച്ചിട്ടുള്ളതാണ്. പേട്ട - തൃപ്പൂണിത്തുറ റോഡ് വികസനത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ, നിലവിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന അധിക ഭൂമി കൂടി ഏറ്റെടുക്കുന്നത് തൃപ്പൂണിത്തുറ നഗരത്തിലെ ഗതാഗത കുരുക്കിനെ ഗണ്യമായി കുറയ്ക്കാൻ സാധിക്കുമെന്നതിനാലും, ടി പദ്ധതി ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്ന് വിദഗ്ധ സമിതിക്ക് ബോധ്യപ്പെട്ടതിനാലും , RTFCT LARR Act 2013, 7-ാം വകുപ്പ് 5-ാം ഉപവകുപ്പ് (1) ൽ നിഷ്കർഷിക്കും വിധം ഈ അധിക സ്ഥലമെടുപ്പ് പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനാവശ്യമായ അംഗീകാരത്തിനായി, വിദഗ്ധ സമിതി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചതിലും പദ്ധതിക്ക് ആവശ്യമായ അധികഭൂമി മാത്രമേ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളു എന്നതിനാലും വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് പ്രസ്തുത അധിക സ്ഥലമെടുപ്പ് പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ജില്ലാകളക്ടർ

Scanned with CamScanner